

# അലോഷ്യൻ

## കൈറ്റ്സ്

സെന്റ്. അലോഷ്യസ് എച്ച്.എസ്.എസ് അതിരമ്പുഴ



# അലോഷ്യൻ

# കൈറ്റ്സ്

**സെൻ്റ്. അലോഷ്യസ് എച്ച്.എസ്.എസ് അതിരമ്പുഴ**

# എഡിറ്റോറിയൽ ബോർഡ്

- നവനിത് ബിജോ
- അമൽ സെബാസ്റ്റ്യൻ
- അലക്സ് കെ. റ്റോമി
- മിസ്ബാഹുൽ ഹഖ്
- ആബേൽ ജയേഷ്
- ജോബ് സുരേഷ്
- ഡോണൽ ജോസഫ്
- അഫിൻ ജോമോൻ

# ഉള്ളടക്കം

| | |
|---|---|
| സന്ദേശം | -1 |
| സമർപ്പണം | -2 |
| കേരളീയ കുടുംബങ്ങളിൽ അമ്മയുടെ സ്ഥാനം | - 3-4 |
| ഒറ്റമരം | -5 |
| മുഖമില്ലാത്തവർ | -6 |
| പഥികൻ | -7 |
| സ്ക്രൈബസ് | -8 |
| ചാറ്റ് ജിപിടി | -9 |
| ലിറ്റിൽ കൈറ്റ്സ് പദ്ധതി | -10 |
| ക്ഷമ | -11 |
| കൃഷി ചൊല്ലുകൾ | -12 |
| ചരടു പൊട്ടിയ പട്ടം | -13 |
| സൈബർ യുഗം | -14 |
| സംഖ്യാജാലകം | -15 |
| ചിരിമരുന്ന് | -16 |
| A Pencil | -17 |
| കുരുവിയും പുസികിക്യാറ്റും | -18 |
| Drugs | -19 |
| നന്ദി | -20 |

# സന്ദേശം

കൈവിരൽ തുമ്പിൽ ലോകം നിയന്ത്രിക്കപ്പെടുന്ന ഈ കാലത്ത് സാങ്കേത്കപരിജ്ഞാനത്തിന്റെ പടവുകളിലേയ്ക്ക് കുട്ടികളെ കൈപിടിച്ച് ഉയർത്താൻ പൊതുവിദ്യാഭ്യാസവകുപ്പിന്റെ സംരഭമായ"Little KIte's"ന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കപ്പെടുന്ന "അലോഷ്യൻ കൈറ്റ്സ്"-ഡിജിറ്റൽ മാഗസിന് എല്ലാ ഭാവുകങ്ങളും നേരുന്ന

ചെറിയാൻ ജോബ്

ഹെഡ്മാസ്റ്റർ





# സമർപ്പണം

തളിരേകി തണലേകി
ഫലമേകി നിൽക്കുന്ന
മരത്തെ പ്രണയിച്ച
തളിരും പൂവും
കായും ഇലച്ചന്തവും
ഉള്ളിൽ കാത്തുവയ്ക്കുന
ഇളംകുരുന്നുകൾക്ക്

# കേരളീയ കുടുംബങ്ങളിൽ അമ്മയുടെ സ്ഥാനം

പ്രതിസന്ധികളിൽ അമ്മ എപ്പോഴും മക്കൾക്കു താങ്ങും തണലുമാണ്. മക്കൾ പ്രതീക്ഷിച്ചിരുന്ന സൗഭാഗ്യങ്ങൾ കൈപ്പിടിയിൽ നിന്നും വഴുതിമാറുമ്പോൾ ആശ്വസിപ്പിക്കാനും ധൈര്യം പകരാനും അമ്മ ഓടിലയെത്തുന്നു. പ്രാർത്ഥനകളാണ് അമ്മയുടെ പ്രധാന ആയുധം നഷ്ടങ്ങളേക്കാൾ നേട്ടങ്ങളുണ്ടാക്കാൻ പ്രാർത്ഥ നകളിലൂടെ അമ്മ മക്കളെ സഹായിക്കുന്നു. കുടുംബപരമായി അമ്മയിൽ പകർന്നുകിട്ടിയതാണ് ഈ പ്രാർത്ഥനാശക്തി അത് അവരിലൂടെ മക്കളിയലേക്കും അങ്ങനെ തലമുറകളിലേക്കും കൈമാറ്റം ചെയ്യപ്പെടുന്നു.

മക്കൾക്കു സാന്ത്വനമായി മാറുന്ന അമ്മയുടെ സ്ഥാനം മക്കളുടെ മനസ്സുകളിൽ വിശുദ്ധ ബുധിയുടെ പരിവേഷത്തോടെയായിരിക്കണം. അമ്മ ഐശ്വര്യമാണ് കുടുംബത്തിന്റെ വിളക്ക് എന്നു പറയാറില്ലേ. ശക്തി സ്വരൂപിണി കൂടിയാണ് അമ്മ കുടുംബാംഗങ്ങളെ ഉണർത്തി ഊർജ്ജസ്വലപ്പെടുത്തുന്നത് അമ്മയാണ്. പാടത്തും തൊടിയിലും പണിയെടുക്കുകയും കോഴിയെയും പശുവിനെയും വളർത്തി അങ്ങനെ ഓടി നിൽക്കുന്ന അമ്മ ഒപ്പം അടുക്കളയെ സജീവമാക്കി രുചികരമായ ഭക്ഷണം പാകംചെയ്തത് വിളമ്പി പങ്കുവയ്ക്കുകയും ചെയ്യുന്ന അമ്മ ഈ അമ്മയെ എങ്ങനെ എന്തു നൽകിയാണ് ആദരിക്കേണ്ടു. എത്രയോ ത്യാഗങ്ങൾ, കഷ്ടപ്പാടുകൾ, യാതനകൾ, ദുരിതങ്ങൾ പേറി കുടുംബത്തിന്റെ ജാരം വഹിക്കുന്ന അമ്മആദരിക്കപ്പെടേണ്ടതല്ലേ ഉറക്കെ ചിന്തിക്കുക. ആരോടാണ് നന്ദി ചൊല്ലേണ്ടത്?

പത്തും പതിനാറും മക്കളെ പ്രസവിച്ച അമ്മമാരിൽ നിന്നും കാലത്തിന്റെ വേര് ഉരുളുമ്പോൾ പഴയകാല അമ്മമാരെന്നും പുതിയകാല അമ്മമാരെന്നും രണ്ടായി വേർതിരിയുന്നു. അന്ന് കണ്ണീരു കലർന്ന ജീവിതത്തിൽ ദാരിദ്ര്യത്തിനുമേൽ ഉടുമുണ്ട് മുറുക്കിയുടുത്തു വെള്ളം കുടിച്ചു കുഞ്ഞുമക്കളെ നിറവയറൂട്ടി വളർത്തിയ അമ്മമാർ, ഒരുതത്ത്വശാസ്ത്രത്തിനും പിടികൊടുക്കാത്ത ജീവിത വിശദീകരണങ്ങൾക്കെല്ലാമപ്പുറത്താ


ഇന്ന് അണുകുടുംബവ്യവസ്ഥിതിയിൽ ഏകജാതനോ ദ്വയജാതിയോ ആര മക്കൾക്കുവേണ്ടിപോലും അമ്മ ഉരുകുന്നുണ്ട്. കാലം എത്ര ഉരുണ്ടാലും ഋതുപരിണാമങ്ങൾ എത്ര മാറിയാലും അമ്മ-അമ്മ തന്നെ മാതൃത്വം വിലയ്ക്കു വാങ്ങാനാവില്ല.

ഇന്നത്തെ കാലത്തിനും പരിതസ്ഥിതിക്കുമൊപ്പം അമ്മ ഉയരണം വിദ്യാഭ്യാസം ഉള്ളവരാകണം. മാതൃത്വം കൂടുതൽ പ്രൗഢമാകണമെങ്കിൽ അമ്മയുടെ ഹൃദയം സന്തോഷം നിറഞ്ഞതായിരിക്കണം. അതിനനുകൂലമായ സാമൂഹികപശ്ചാത്തലംരൂപപ്പെടുത്തണം. അവളുടെ മാനസിക സഞ്ചാര പഥങ്ങൾ കൂടുതൽ വിസ്തൃതമാകണം. സ്ത്രീ, പുരുഷനു തുല്യമായ പദവിക നേടണം. ജോലി സമ്പാദിക്കണം. സ്വന്തമായി പണം സമ്പാദിക്കുന്നവളാകണം സമൂഹത്തിൽ അർഹമായ പരിഗണനന ലഭിക്കണം. അവളുടെ മാതൃത്വത്തിന്റെ മഹനീയത മാനിക്കപ്പെടണം. ഇതാകണം ഇന്നത്തെ അമ്മയുടെ ജീവിതപശ്ചാ ത്തലം ഇവിടെ പരാമർശിക്കപ്പെട്ടതിൽ നിന്നെല്ലാം വിഭിന്നമായി മറ്റൊരു വിഭാഗം അമ്മയെക്കൂടി പരിചയപ്പെടേണ്ടിയിരിക്കുന്നു. ജീവിതസാഹചര്യങ്ങളുടെ വഴിപിഴക്കലിൽ അവിഹിതഗർഭം പേറേണ്ടിവന്ന കന്യകകൾ അവർ ജന്മം കൊടു ആ അനാഥ ജീവിതങ്ങൾ, തെരുവോരങ്ങളിലും അനാഥാലയങ്ങളിലും ശിശുഭവനിലുമൊക്കെയായി അനാഥത്വം പേറേണ്ടിവരുന്ന ജന്മങ്ങൾ - അവർ യഥാർത്ഥത്തിൽ ആരോടാണ് നന്ദി ചൊല്ലേണ്ടത്.?അറിയപ്പെടാതെ പോകുന്ന പാതിമെയ്യായ പിതാവിനോടോ അജ്ഞാതയായി ഇരുളിന്‍്റെ മറവിൽ നിൽക്കുന്ന പാതിമെയ്യായ മാതാവിനോടോ.... ആരോടാണ് അവരുടെ നന്ദി അർപ്പിക്കുക? സമൂഹത്തിന്‍്റെ മനോദർപ്പണത്തിൽ ഇവരുടെ പ്രതിഛായ പതിക്കുന്നത് അനാഥത്വത്തിന്‍്റെ വൈകൃതമായല്ലേ... സന്തോഷ ത്തിന്‍്റെ പുഞ്ചിരി മാഞ്ഞ ദൈവത്തിന്‍്റെ മുഖമുള്ള ഇവർക്കു സമൂഹത്തിന്റെ മുഖ്യധാരയിൽ ഇടമുണ്ടോ?അമ്മത്തൊട്ടിലുകളിൽ ചോരക്കുഞ്ഞുങ്ങളെ ഉപേക്ഷിച്ചു മറയുന്ന മാതാവിൻ ഒരു പുനർചിന്തയ്ക്കുപോലും അവകാശമില്ലാതാകുന്നു. പൊക്കിൾക്കൊടിബന്ധ ജീവിതത്തിന്റെ തുടക്കത്തിലേ അറുത്തുമുറിച്ചു മാറ്റപ്പെടുന്നു. ആ കുഞ്ഞിന്‍്റെ ജീവിതഗതിവിഗതികളിൽ എവിടെയെങ്കിലും തന്‍്റെ മാതൃത്വത്തിന്റെ അവകാശി കളെ തെരയുന്നുണ്ടാകാം എന്തുതന്നെയായാലും നിഷേധിക്കപ്പെടാത്ത ഒരു സത്യമായി അമ്മ അവശേഷിക്കുന്നു. അതുകൊണ്ടാണല്ലോ അമ്മയല്ലാതൊരു ദൈവമുണ്ടോ? അതിലും വലിയൊരു കോവിലുണ്ടോ? എന്ന ചോദ്യങ്ങൾ പ്രസക്തമാകുന്നത്.

പരിപാവനമായ മാതാപിതാപുത്ര ബന്ധങ്ങൾ നിലനിൽക്കുന്ന കേരളീയ കുടുംബങ്ങൾ എന്നും ലോകത്തിന് മാതൃകയാണ്. അതിനിയും അങ്ങനെ തന്നെയായിരിക്കട്ടെ.

# ഒറ്റമരം

കുന്നിൻ ചെരൂവിലെ ഒറ്റമരം
പൊഴിയുന്ന ഇലകൾ
ഉലയുന്ന ശിഖരങ്ങൾ
പറന്നകലുന്ന പക്ഷികൾ
നീരുതേടി മണ്ണിലേക്കിറങ്ങുന്ന വേരുകൾ
ദാഹം കൊണ്ട് കരിഞ്ഞുണങ്ങുമ്പോൾ
പിടയുന്നത് ബാല്യമാണ്







Alan bibin

# മുഖമില്ലാത്തവർ

ഓർമയുറച്ചശേഷം
ആദ്യമായാണിരിപ്പ്
എത്രനാളെന്നുമറിയില്ല
വഴിയും
പുഴയും
കിളിയും
കളിക്കൂട്ടുകാരും
ഇന്നെറെയകലെയായ്
വീടകങ്ങൾ കളിക്കളങ്ങളായ്
ടിവി
മാസ്ക്
മൊബൈൽ
സാനിറ്റൈസർ
പുതുതായ് പലതും
കൂട്ടിനെത്തി
സ്കൂൾമുറ്റം കാണാതെ
അടുത്ത ക്ലാസിലെത്തി







Navneeth Bijo

# പഥികൻ

ആരുമില്ലെന്നോതി
അജ്ഞതയിലാഴുമ്പോൾ
ആശ്വാസകിരണമാകുന്നു നീ
ആനന്ദത്തിലുമല്ലലിലും
കൂടെയൊരു പാഥികനാകുന്നു നീ
കദനത്തിലാഴുന്ന മർത്യന്
കരുതലിൻ കരം നീട്ടുന്നു നീ
പലമുഖമുലകിൽ തേടുന്നു ഞാൻ
അതിലെല്ലാം കാണുന്നു നിൻമുഖം



Amal Sebastian

# സക്രൈബസ് സോഫ്റ്റ് വെയർ

ഡെസ്ക്ടോപ് പബ്ലിഷിങ്ങിന് ഇന്ന് പ്രചാരത്തിലുള്ള മികച്ചൊരു സ്വതന്ത്രസോഫ്റ്റ് വെയറാണ് സ്ക്രൈബസ്.പേജ് ലേയൗട്ട്,പേജ് ഡിസൈനിങ്,മാഗസിനുകൾ,പുസ്തകങ്ങൾ എന്നിവയുടെ നിർമ്മാണം,ഡിസൈനിങ്ങ് തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്ന ഒന്നാന്തരം പ്രൊഫഷണൽ സോഫ്റ്റ്വെയറാണിത്. ഇന്ന് പ്രചാരത്തിലുള്ള പല പത്രങ്ങളും സ്ക്രൈബസ് ഉപയോഗിച്ച് പേജുകൾ ഡിസൈൻ ചെയ്യുന്നുണ്ട്

Afin Jomon

# ചാറ്റ് ജിപിടി

മനുഷ്യനെ പോലെ എഴുതാനും
വായിക്കാനും ചാറ്റ് ചെയ്യാനുമെല്ലാം
സാധിക്കുന്ന നിർമ്മിതബുദ്ധി
അടിസ്ഥാനമാക്കിയുള്ള ഒരു ചാറ്റ്ബോട്ട്
അപ്ലിക്കേഷനാണ് ചാറ്റ് ജിപിടി.മനുഷ്യന്റെ
സ്വാഭാവികമായ ഭാഷ മനസ്സിലാക്കാനും
അതിനനുസരിച്ച് പ്രതികരിക്കാനും ചാറ്റ്
ജിപിടിക്ക് സാധിക്കും. ഏത് വിഷയങ്ങളോടു
ബന്ധപ്പെട്ട ചോദ്യങ്ങളായാലും അവയ്ക്കെല്ലാം ഒരു
വിധം കൃത്യമായി ഉത്തരം നൽക്കാനും,സ്വന്തമായി
കഥകളും കവിതകളുമെഴുതാനും തമാശ
പറയാനുമൊക്കെ ഈ കമ്പ്യൂട്ടർ പ്രോഗ്രാമിന്
സാധിക്കുന്നു.മാത്രമല്ല നാം നൽകുന്ന ഒരു
കമ്പ്യൂട്ടർ പ്രോഗ്രാമിനകത്തെ തെറ്റുകൾ
കണ്ടെത്തി തിരുത്താനുള്ള നിർദ്ദേശങ്ങൾ
നൽക്കുന്നതിനും വലിയ ലേഖനങ്ങളുടെ
സംഗ്രഹം തയ്യാറാക്കാനും ഒരു ഭാഷയിലെ
വിവരങ്ങളെ മറ്റ് ഭാഷകളിലേക്ക് വിവർത്തനം
ചെയ്യാനും ചാറ്റ് ജിപിടി ക്ക് കഴിവുണ്ട്

Vishnu Reji

# ലിറ്റിൽ കൈറ്റ്സ് പദ്ധതി

കേരളത്തിലെ പുതിയ  തലമുറയിൽ വലിയൊരു വിഭാഗം വിവരവിനിമയസംവേദന ഉപകരണങ്ങൾ ഉപയോഗിക്കുന്നവരാണെങ്കിലും ഈ രംഗത്ത് താല്പര്യവും അഭിരുചിയുമുള്ളവരെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന് ബോധപൂർവമായ ശ്രമം ഉണ്ടാകേണ്ടിയിരിക്കുന്നു.ഉപജീവനത്തിന്റെ ഭാഗമായി നിർമ്മിച്ചെടുക്കുന്നവയല്ലാതെ അമച്വർതലത്തിലുള്ള ഐ.സി.ടി ഉത്പന്നങ്ങൾ കേരളത്തിൽനിന്നും ഉണ്ടാകാതിരിക്കുന്നതിന് ഇത് പ്രധാന കാരണമാണ്.സ്വതന്ത്ര സോഫറ്റ് കൂട്ടായ്മയിൽ രൂപംകൊണ്ട ജിമ്പ് പോലുള്ള  പല പ്രശസ്ത സോഫ്റ്റ് വെയറുകളും ഇത്തരതിലുള്ള നിർമ്മിതിയായിരുന്നു എന്നത് ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്.

മത്സരപരീക്ഷളുടെരീതികൾക്കും സംവിധാനങ്ങൾക്കുമനുസരിച്ച് കുട്ടികൾ സ്വയം ക്രമീകരിക്കുമ്പോൾ പ്രാഥമികമായ യുക്തിചിന്ത,അന്വേഷണക്ഷത എന്നിവ നഷ്ടപ്പെട്ടു പോകുന്നതായി കാണാം. വിവരവിനിമയ സാങ്കേതികവിദ്യാലോകത്ത്, വിവരങ്ങളുടെ കുത്തൊഴുകിൽ ചുറ്റും കാണുന്ന സാങ്കേതിക നിർമിതികൾ എങ്ങനെ ഉണ്ടാക്കപ്പെട്ടു എന്ന് അന്വേഷിക്കാനുള്ള ആകാംഷപോലും നമുക്ക് നഷ്ടപ്പെടുന്നുണ്ട്. ചുറ്റുപാടും കാണുന്നതെല്ലാം എങ്ങനെയുണ്ടായി എന്നോ അവ എങ്ങനെ പ്രവർത്തിക്കുന്നു എന്നോ ഉള്ള അന്വേഷണമാണ് ശാസ്ത്രാവബോധം വളർത്തുന്നത് എന്നതും നമുക്കിവിടെ ഓർമ്മിക്കാം.കുട്ടികൾ അവർ ദൈനംദിനം കാണുകയും ഉപയോഗിക്കുകയുംപരിചയിക്കുകയുംചെയ്യുന്നഇന്റർനെറ്റ്, മൊബൈൽആപ്പുകൾ,സോഫ്റ്റ് വെയറുകൾ,അനിമേഷനുകൾ ഗെയിമുകൾ തുടങ്ങിയവ എങ്ങനെ പ്രവർത്തിക്കുന്നു എന്നതും എങ്ങനെ നിർമ്മിക്കപ്പെട്ടു എന്നതും പുതിയ  ലോകത്തിന്റെ ശാസ്ത്രാന്വേഷണപരിധിയിൽ വരേണ്ടവതന്നെയാണ്.

ഇത്തരത്തിൽ സോഫ്റ്റ്വെയറുകളും ഇന്റർനെറ്റും ഉപയോഗിക്കുമ്പോൾ ഉത്തരവാതിത്ത്വമുള്ള സാമൂഹ്യജീവി എന്ന നിലയിൽ പാലിക്കേണ്ട കടമകളും ആർജിക്കേണ്ടമൂല്യബോധവും പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നതും വിവരവിനിമയ സാങ്കേതികവിദ്യാപഠനത്തിൽ അത്യാവശ്യമാണ്

*Tom Sabu*

# ക്ഷമ

**അഹങ്കാരത്തിനും പ്രതികാരത്തിനും അശാന്തിക്കുമുള്ള മറുമരുന്നാണ് ക്ഷമ!**
**സ്നേഹത്തോടെ ക്ഷമയോടെ ശത്രുവിനെ നേരിടുക. ശത്രു മിത്രമാകും."**

# കൃഷി ചൊല്ലുകൾ

- ഉടമയുടെ കണ്ണ് ഒന്നാന്തരം വളം
-വിത്തുഗുണം പത്തുഗുണം
-കതിരിൽ വളം വെച്ചിട്ടു കാര്യമില്ല
-വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും
-അടയ്ക്കായായാൽ മടിയിൽ
വയ്ക്കാം,അടയ്ക്കാമരമായാലോ?
-അടുത്തു നട്ടാൽ അഴക്,അകലത്തിൽ നട്ടാൽ
വിളവ്
-കുംഭത്തിൽ നട്ടാൽ കുടത്തോളം,മീനത്തിലായാൽ
എങ്കണ്ണിനോളം
-അമരത്തടത്തിൽ തവള കരയണം,ആഴത്തിൽ
ഉഴുത് അകലത്തിൽ നടണം
-ഇല്ലം നിറ വല്ലം നിറ പെട്ടി നിറ പത്തായം നിറ
-ഉരിയക്കാരന് എന്നും ഉരിയരിതന്നെ
-ഉഴവിൽ തന്നെ കള തീർക്കണം
-കർക്കടകഞാറ്റിൽ പട്ടിണികിടന്നതു പുത്തരി
-എളിയവരും ഏത്തവാഴയും ചവിട്ടുതോറും തഴയ്ക്കും
-ആരിയൻ വിതച്ചാ ഞവര കൊയ്യുമോ?

Job Suresh

# ചരട് പോട്ടിയ പട്ടം

ഒരിക്കൽ മനു പട്ടം പറത്തുകയായിരുന്നു കടയിൽ നിന്നയാൾ അവനോട് ചോദിച്ചു സ്കൂളിൽ പോയില്ലേ മനു പറഞ്ഞു എന്തിന് സ്കൂളിൽ പോകണം അപ്പോൾ അയാൾ പറഞ്ഞു   നമ്മുടെ ജീവിതം ഈ പട്ടം പോലെയാണ് അതിലെ ചരടാണ്  നമ്മുടെ മാതാപിതാക്കൾ നാം  ഒരിക്കലും ആ ചരടിനെ പൊട്ടിക്കരുത്   പൊട്ടിച്ചാൽ നാം സ്വയം ഇല്ലതാകുന്നു നമ്മുടെ ജിവിതം നാം സൂക്ഷിക്കണം ഒരിക്കലും അതിനെ നശിപ്പിക്കരുത് മോൻ നന്നായി പഠിച്ചാൽ വലിയ ആളാകാം  മനു പറഞ്ഞുഞാൻ ഇനി നന്നായി പഠിക്കാം പിന്നിട് മനു വർഷങ്ങൾക്ക് ശേഷം നാട്ടിൽ വന്നപ്പോൾ അന്ന് അവന് നന്മയുടെ പാഠം പറഞ്ഞു തന്നയാളെ  അവൻ സഹായിച്ചു അങ്ങനെ  അവന് മനസിലായി നന്മ ചെയ്താൽ നന്മ കിട്ടുമെന്ന്

Alex&Navneeth

# സൈബർ യുഗം

ഇന്ന് കംമ്പ്യൂട്ടറും ഇന്റർനെറ്റും സോഷ്യൽ മീഡിയായും ആധുനികജീമിതത്തിന്റെ അവിഭാജ്യഘടകങ്ങളുമാണ്. മാധ്യമങ്ങളുടെ അതിപ്രസരം ഇന്നു ലോകത്ത് ലഭ്യമാകുന്ന എല്ലാ വിവരങ്ങളും ഓരോ വീട്ടിലും എത്തിക്കുന്നു സ്ക്രൂൾ വിട്ടു വിട്ടിലെത്തുമ്പോൾ ഏതെങ്കിലും ആവേശപരമായ കളികളിൽ ലയിച്ചിരിക്കുന്ന വൈകുന്നേരങ്ങൾ മൺമറഞ്ഞു. വാട്സാപ്പിലോ, ട്വിറ്ററിലോ, ഇൻസ്ററാഗ്രാമിലോ, ഫെയ്സ്ബുക്കിലോ തലയൊടിഞ്ഞ് കൈമാരവും, യൈവനവും, വാർധിക്യവും ഉറഢ്ധുകയും ഉണരുകയും ചെയ്യുന്നത്. പരസ്പര ബന്ധങ്ങളും, സാവൃഹ്യബോധവും ഐക്യവും തീരെയില്ലാതെ വളരുന്ന സൈബർയുഗം.

എല്ലാം നല്ലതാണ്.എല്ലാം ചിന്തിച്ച് ഉപയോഗിക്കുക.കാഴ്ചകളെ എഡിറ്റു ചെയാനും നവമാധ്യമങ്ങളുടെ ഉപയോഗത്തിൽ മിതത്വം പാലിക്കാനും ശ്രമിക്കുക.പ്രാവുകളെപ്പോലെ നിഷ്കളങ്കരും സർപ്പത്തെപ്പോലെ വിവേകികളുമാകാം.

donel joseph

# സംഖ്യാ ജാലകം

12345679x9x1=111,111,111

12345679x9x2=222,222,222

12345679x9x3=333,333,333

12345679x9x4=444,444,444

12345679x9x5=555,555,555

12345679x9x6=666,666,666

12345679x9x7=777,777,777

12345679x9x8=888,888,888

12345679x9x9=999,999,999

*muhammed yahiya*

# ചിരിമരുന്ന്

ടീച്ചർ: ഇനിയും ക്ലാസിൽ ഇങ്ങനെ വർത്തമാനം പറഞ്ഞുകൊണ്ടിരുന്നാൽ നിന്നെ ഹെഡ്മാസ്റ്ററിന്റെ അടുത്തേയ്ക്ക് പറഞ്ഞുവിടും.

കുട്ടി: അതെന്താ,അവിടാരും വർത്തമാനം പറയാൻ ഇല്ലേ?

***Alshin Biju***

# Five lessons to learn from A Pencil

1. Letters you that everything you do will always leave a mark.
2. You can always corret mistakes you make.
3. The protection thing in life is what you are from inside not from outside.
4. In life you will under go painful sharping which will make you better in whatever you do.
5. Finally to be the best you can be,You must allow yourself to be held and guided by the hand that holds you.

Amal sebastian&
Navneeth

# കുരുവിയും പൂസി ക്യാറ്റും

ഒരിക്കൽ ഒരു ഗ്രാമത്തിൽ സാവിത്രി എന്ന് പേരുള്ള ഒരു സ്ത്രീ ഉണ്ടായിരുന്നു.അവർക്ക് പക്ഷികളെ വലരെ ഇഷ്ടമായിരുന്നു.അവർ ഒരു കുരുവിയെ കൂട്ടിൽ ഇട്ട് വളർത്തുന്നുണ്ടായിരുന്നു.കുരുവിയെ ഒരിക്കൽ പോലും കൂട് തുറന്ന് വെളിയിൽ വിട്ടിരുന്നില്ല പക്ഷേ പുസിക്ക് എല്ലാവിധ സ്വാതന്ത്ര്യവും ഉണ്ടായിരുന്നു.

ഒരു ദിവസം സാവിത്രി കുരുവിയെ കൂട് തുറന്ന് പുറത്ത് വിട്ടു.പക്ഷേ അതിന്പറക്കാൻ കഴിഞ്ഞില്ല കാരണംകൂട്ടിൽ കിടന്ന് അതിൻ്റെ കഴിവുകൾ നശിച്ച്പോയിരിന്നു.കുരുവിപയ്യെ നടന്ന് ചെന്ന് ഒരു കമ്പിൽ ഇരുന്നു.ഈസമയം പുസി കുരുവിയെ രൂക്ഷമായിനോക്കുന്ന്ത് സാവിത്രികണ്ടുപേടിച്ചുപോയി.കാരണം പുസി കുരുവിയെ പിടിക്കാൻ ചെന്നതാണ് എന്ന് വിചാരിച്ചത്.പക്ഷേ സാവിത്രി നോക്കിയപ്പോ മതിലിൻ്റെമുകളിൽ ഒരു കണ്ടൻ പൂച്ച ഇരിക്കുന്നത് കണ്ടു.അത് കണ്ടിട്ടാണ് പുസി നോക്കിയതെന്ന് മനസിലായി.പുസി വേഗം ചെന്ന് കുരുവിയെ എടുത്ത് സാവത്രിയുടെ  അടുത്ത് വച്ച്കൊടുത്തു.അപ്പോൾ സാവിത്രിക്ക് മനസിലായി എപ്പഴും ഒരു  രക്ഷകയാണ്  പുസി എന്ന്. കുരുവിക്ക് പിന്നീട്  എല്ലദിവസവും  കുരുവിയെ  കൂട്ടി  കൂട്ടിൽ നിന്നും അഴിച്ച് വിടാൻ തുടങ്ങി.

-ആബേൽ ജയഷ്

# Advantages of not consuming Drugs

•You fell physically beter

•You save money

•I fell better about myself

•I can think cleariy

•I like to go to work

•I can pay my bills

•I'm not idle

•I will not loss contorl

•I do not have to lie to my family

•I have more time to practice the sport that I like

•It's depressing and it's good to avoid it

•It's good for my weight

•You can do more thing in night if you do no drink

•Everything goes better in my body if I do not use

•I do not have to worry about making a fool of myself at parties

•I do not get up thinking about what happened the night before

•I have no hangovers

•Self-confidence that I obtain for having overcome a self-destructivective impuise

•Moral reward for overcoming an unnecessary desire

•I will not have a bed reputation

•I will not have to regret

•Health reasons

•Improve communication

•Sleep better

•Do not be so worried about what they know about me

•I am abel to paln my future

•Better sexual relations

•Less jealousy

•More time to oneself and for the family

aabel &alex

# നന്ദി

